# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് പതിമൂന്ന്

## തുയഥൈരയിലുള്ള സഭ — അധികാരവും ഉദയനക്ഷത്രവും

Sat ഈ ദൂതിൽ നാം വിശ്വാസത്യാഗത്തിലുള്ള സഭ എന്ന നാലാമത്തെ സഭയായ തുയഥൈരയിലുള്ള സഭയിലേക്കു വരുന്നു (2:18-29). യവനഭാഷയിൽ തുയഥൈര അർഥമാക്കുന്നത് "സുഗന്ധയാഗം" അഥവാ, "ഇടവിടാതെയുള്ള യാഗം" എന്നാണ്. ഒരു അടയാളമെന്ന നിലയിൽ, തുയഥൈരയിലുള്ള സഭ, ആറാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്തിൽ നിലവിൽവന്ന സാർവത്രിക പാപ്പാ വ്യവസ്ഥിതി സ്ഥാപിച്ചതിലൂടെ വിശ്വാസത്യാഗിനിയായ സഭയായി പൂർണ്ണമായി രൂപംപ്രാപിച്ച റോമൻ കത്തോലിക്കാസഭയെ മുൻകുറിക്കുന്നു. വിശ്വാസം ത്യജിച്ച ഈ സഭ, അവളുടെ നിരന്തര കുർബാനയിൽ കാണിക്കുന്നതുപോലെ, യാഗങ്ങൾ നിറഞ്ഞതാണ്.

## I. സംസാരിക്കുന്നവൻ

### A. ദൈവപുത്രൻ

വാക്യം 18 പറയുന്നു, "അഗ്നിജ്വാലപോലെ കണ്ണുള്ളവനും, തിളങ്ങുന്ന താമ്രത്തിനു സദൃശമായ പാദങ്ങളുമുള്ള, ദൈവപുത്രൻ അരുളിച്ചെയ്യുന്നു." വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭ ക്രിസ്തുവിനെ മറിയയുടെ പുത്രനെന്ന് ശക്തമായി ഊന്നിപ്പറയുന്നു. അങ്ങനെ, ഇവിടെ കർത്താവ്, കത്തോലിക്കാസഭയുടെ വിശ്വാസത്യാഗത്തിനെതിരെ പ്രതിഷേധിച്ചുകൊണ്ട് താൻ ദൈവപുത്രനാണെന്നു പറയുന്നു.

### B. അഗ്നിജ്വാലപോലെ കണ്ണും തിളങ്ങുന്ന താമ്രത്തിനു സദൃശമായ പാദങ്ങളും ഉള്ളവൻ

പെർഗ്ഗമൊസിലുള്ള സഭയായ ലൗകികസഭയോട് ഇടപെടുന്നതിൽ, കർത്താവ് അവനെ മൂർച്ചയുള്ള

ഇരുവായ്ത്തലവാൾ ഉള്ളവനെന്ന് പരാമർശിച്ചു. തുയഥൈരയിലുള്ള സഭയായ വിശ്വാസത്യാഗിനിയായ സഭയോട് ഇടപെടുന്നതിൽ അവൻ അവനെ "അഗ്നിജ്വാലപോലെ കണ്ണുള്ളവനും, തിളങ്ങുന്ന താമ്രത്തിനു സദൃശമായ പാദങ്ങളുമുള്ളവൻ" എന്നു പറയുന്നു. ലൗകികസഭയ്ക്ക് അവന്റെ പ്രഹരിക്കുകയും കൊല്ലുകയും ചെയ്യുന്ന വചനത്തിന്റെ ആവശ്യമുണ്ട്, എന്നാൽ വിശ്വാസത്യാഗിനിയായ സഭയ്ക്ക് അവന്റെ ആരായുന്ന കണ്ണുകളുടെയും മെതിക്കുന്ന കാലുകളുടെയും ന്യായംവിധിക്കലാണ് ആവശ്യം. കർത്താവിന്റെ കണ്ണുകൾ ആന്തരികഭാഗങ്ങളെയും ഹൃദയത്തെയും ആരായുകയും, അവന്റെ പാദങ്ങൾ ന്യായംവിധിക്കുകയും ഓരോരുത്തന്നും അവനവന്റെ പ്രവൃത്തികൾക്കനുസൃതമായി കൊടുക്കുകയും ചെയ്യുന്നു (2:23).

## II. സഭയുടെ നന്മകൾ

വാക്യം 19-ൽ കർത്താവു പറയുന്നു, "ഞാൻ നിന്റെ പ്രവൃത്തികളും സ്നേഹവും വിശ്വാസവും സേവനവും നിന്റെ സഹിഷ്ണുതയും, നിന്റെ ഒടുവിലത്തെ പ്രവൃത്തികൾ ആദ്യത്തേതിലും അധികം എന്നും അറിയുന്നു." വിശ്വാസത്യാഗിനിയായ കത്തോലിക്കാ സഭയ്ക്ക് ധാരാളം പ്രവൃത്തികളും ശുശ്രൂഷകളും ഉണ്ട്. അവസാന നാളുകളിലെ അവളുടെ പ്രവൃത്തികൾ കഴിഞ്ഞ കാലത്തെക്കാൾ അധികമാണ്.

## III. ഈസേബെൽ എന്ന സ്ത്രീ

തുയഥൈരയിലുള്ള സഭയ്ക്കുള്ള ലേഖനത്തിലെ നിർണ്ണായക കാര്യങ്ങളിൽ ഒന്ന് ഈസേബെൽ എന്ന സ്ത്രീയെ സംബന്ധിക്കുന്നതാണ്. "എന്നാൽ തന്നെത്താൻ പ്രവാചകി എന്നു വിളിച്ചുകൊണ്ട് ഉപദേശിക്കുകയും പരസംഗം ചെയ്യുവാനും വിഗ്രഹാർപ്പിതങ്ങൾ ഭക്ഷിക്കുവാനുമായി എന്റെ അടിമകളെ വഴിതെറ്റിക്കുകയും ചെയ്യുന്ന, ഈസേബെൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു എന്നൊരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്" എന്ന് വാക്യം 20-ൽ അവളെ പരാമർശിച്ചുകൊണ്ട് കർത്താവു പറയുന്നു. നാം കാണുവാൻ പോകുന്നതുപോലെ, ഇവിടത്തെ സ്ത്രീ മത്തായി 13:33-ൽ കർത്താവു പ്രവചിച്ച അതേ സ്ത്രീ ആണ്; അവൾ (ദൈവത്തിന്റെയും മനുഷ്യന്റെയും സംതൃപ്തിക്കുവേണ്ടിയുള്ള ഭോജനയാഗമായ ക്രിസ്തുവിനെ പരാമർശിക്കുന്ന) നേരിയ മാവിലേക്ക് (ദുഷിച്ചതും, വചനവിരുദ്ധവും, ജാതീയവുമായ കാര്യങ്ങളെ സൂചിപ്പിക്കുന്ന) പുളിപ്പു ചേർത്തു. ഈ സ്ത്രീ വെളിപ്പാട് 17-ലെ മഹാവേശ്യയും ആണ്; അവൾ ദിവ്യമായ കാര്യങ്ങളോട് മ്ലേച്ഛതകൾ കലർത്തുന്നു. ആഹാബിന്റെ ജാതീയ ഭാര്യയായ ഈസേബെൽ ഈ വിശ്വാസത്യാഗിനിയായ സഭയുടെ ഒരു

മുൻകുറിയായിരുന്നു. വിശ്വാസത്യാഗിനിയായ സഭ ആത്മികവും ഭൗതികവുമായ സകലവിധ പരസംഗവും വിഗ്രഹാരാധനയും കൊണ്ട് നിറഞ്ഞിരിക്കുന്നു.

## A. പ്രവാചകി എന്നു സ്വയം വിളിക്കുന്നു

വിശ്വാസത്യാഗിനിയായ സഭ സ്വയംനിയമിത പ്രവാചകിയാണെന്ന് ഇവിടെ കർത്താവ് സൂചിപ്പിക്കുന്നു. ഒരു പ്രവാചകൻ ദൈവത്തിന്റെ അധികാരത്തോടുകൂടെ ദൈവത്തിനുവേണ്ടി സംസാരിക്കുന്നവനാണ്. വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭ ദൈവത്തിനുവേണ്ടി സംസാരിക്കുന്നതിന് ദൈവത്താൽ അധികാരപ്പെടുത്തിയവളാണെന്ന് അനുമാനിക്കുന്നു. ദൈവത്തേക്കാളുപരി ജനം അവളെ ശ്രവിക്കണമെന്ന് അവൾ ആവശ്യപ്പെടുന്നു.

## B. പരസംഗം ചെയ്യുവാനും വിഗ്രഹാർപ്പിതം ഭക്ഷിക്കുവാനുംകർത്താവിന്റെ അടിമകളെ ഉപദേശിക്കുകയും നയിക്കുകയും ചെയ്യുന്നു

പെർഗ്ഗമൊസിലുള്ള സഭയ്ക്ക് ബിലെയാമിന്റെയും നിക്കൊലാവ്യരുടെയും ഉപദേശങ്ങൾ ഉണ്ടായിരിക്കുകയും, അവ വിശ്വാസത്യാഗിനിയായ ഈ സഭയിൽ തുടരുകയും ചെയ്യു. കൂടാതെ, കത്തോലിക്കാസഭ അവളുടെ ജനം ദൈവത്തിന്റെ വിശുദ്ധ വചനം കേൾക്കുന്നതിനെക്കാൾ അവളെ കേൾക്കുവാൻ ഇടയാക്കിക്കൊണ്ട് അവൾതന്നെ ഉപദേശിക്കുന്നു. അവളുടെ അനുയായികളെല്ലാം, എഫെസൊസിലെയും പെർഗ്ഗമൊസിലെയും സഭകളോടുള്ള കർത്താവിന്റെ വാഗ്ദത്തമായ ജീവവൃക്ഷത്താലും മറഞ്ഞിരിക്കുന്ന മന്നയാലും സൂചിപ്പിക്കപ്പെടുന്നതുപോലെ (2:7, 17) അവരുടെ ജീവനും ജീവസഹായവുമായി ക്രിസ്തുവിനെ കരുതാതെ, അവളുടെ വചനവിരുദ്ധവും, മതപരവുമായ ഉപദേശത്താൽ മയങ്ങിപ്പോയിരിക്കുന്നു.

മത്തായി 13:33 പറയുന്നു, "മറ്റൊരു ഉപമ അവൻ അവരോടു പറഞ്ഞു: സ്വർഗരാജ്യം പുളിപ്പിനോട് സദൃശമാകുന്നു; അതിനെ ഒരു സ്ത്രീ എടുത്ത് മൂന്ന് ഇടങ്ങഴി മാവിൽ, അതു മുഴുവനും പുളിക്കുവോളം മറച്ചുവച്ചു." മത്തായി 13:33-ൽ കർത്താവ് പ്രവചിച്ച സ്ത്രീ സംശയമെന്യേ വെളിപ്പാട് 2-ലെ ഈസേബെൽ ആണെന്ന് വിവേകബുദ്ധിയുള്ള വേദപുസ്തക ഉപദേഷ്ടാക്കന്മാർ സമ്മതിക്കുന്നു. ഈ രണ്ടു സ്ത്രീകളും വാസ്തവത്തിൽ ഒന്നാണ്. വെളിപ്പാട് 17-ലുള്ള മഹാവേശ്യയും ഇതേ സ്ത്രീയാണ്. അങ്ങനെ, മത്തായി 13-ലെ സ്ത്രീ വെളിപ്പാട് 2-ലെ ഈസേബെലാണ്; ഈ ഈസേബെൽ വെളിപ്പാട് 17-ൽ മഹാബാബിലോൺ എന്നു വിളിക്കപ്പെടുന്ന മഹാവേശ്യയായിത്തീരുന്നു. അവൾ

വേശ്യയല്ലെങ്കിൽ പിന്നെ ആരാണ്? പഴയനിയമത്തിലെ ഈസേബെൽ വെളിപ്പാട് 2-ലെ "ഈസേബെൽ എന്ന സ്ത്രീ"യുടെ ഒരു മുന്നടയാളമായിരുന്നു. കർത്താവ് തുയഥൈരയിലുള്ള സഭയോടു സംസാരിച്ചപ്പോൾ, ഇക്കാലത്തും ഒരു ഈസേബെൽ ഉണ്ടെന്ന് അവൻ പറഞ്ഞു. ചരിത്രമനുസരിച്ച്, ഇക്കാലത്തെ ഈ ഈസേബെൽ വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാ സഭയാണെന്നതിന് യാതൊരു സംശയവുമില്ല. ഈസേബെൽ എന്ന പേര് ഉപയോഗിക്കുന്നതിൽ, ആഹാബിന്റെ ഭാര്യയായ ഈസേബെൽ ചെയ്തതെന്തെന്ന് കർത്താവു നമ്മെ ഓർമ്മിപ്പിക്കുകയായിരുന്നു: അവൾ ഒരു ജാതീയ പശ്ചാത്തലത്തിൽനിന്നു വരികയും ദൈവജനത്താലുള്ള ദൈവാരാധനയിലേക്ക് ജാതീയ കാര്യങ്ങൾ കൊണ്ടുവരികയും ചെയ്തു. ഇതാണ് തുയഥൈരയ്ക്കുള്ള ലേഖനത്തിലെ നിർണ്ണായകവും ഏറ്റവും കേന്ദ്രീയവുമായ കാര്യം. വിശ്വാസത്യാഗിനിയായ സഭയുടെ പ്രവൃത്തികളുടെ തത്ത്വം എന്നത് വിഗ്രഹാരാധനാപരമായ ജാതീയ കാര്യങ്ങൾ ദൈവജനത്താലുള്ള ദൈവാരാധനയുമായി കലർത്തുക എന്നതാണ്. ദൈവത്തെ ആരാധിക്കുവാൻ ദൈവജനത്തെ അവൾ സഹായിക്കുന്നു, എന്നാൽ അവൾ അത് ദൈവത്തിന്റെ രീതിയിലല്ല ചെയ്യുന്നത്: അവൾ അത് വിഗ്രഹാരാധനാപരമായ ജാതീയ രീതിയിലാണ് ചെയ്യുന്നത്. വിശ്വാസത്യാഗിനിയായ സഭ ആരംഭിച്ചതുമുതൽ, അവൾ വിഗ്രഹാരാധനയെ ആഗിരണം ചെയ്യുകയായിരുന്നു. അവൾ പോകുന്നിടത്തെല്ലാം, വിഗ്രഹാരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളെ അവൾ സ്വാംശീകരിക്കുന്നു.

വിശ്വാസത്യാഗിനിയായ സഭയുടെ പ്രവൃത്തികളുടെ ഏറ്റവും ശ്രദ്ധേയമായ ഉദാഹരണങ്ങളിൽ ഒന്ന് ക്രിസ്തുമസ്സ് എന്നു വിളിക്കപ്പെടുന്നതാണ്. നമുക്ക് ക്രിസ്തുവിനെ ആവശ്യമാണ്, എന്നാൽ നമുക്ക് കുർബാന ആവശ്യമില്ല. ആരംഭത്തിൽ, ക്രിസ്തുമസ്സ് ദിവസം എന്നു പറയപ്പെടുന്ന ഡിസംബർ 25 പുരാതന യൂറോപ്പുകാർ സൂര്യനെ ആരാധിച്ചുകൊണ്ടിരുന്ന ദിവസമാണ്. ഡിസംബർ 25 സൂര്യന്റെ ജന്മദിനമാണെന്ന് അവർ പറഞ്ഞു. വിശ്വാസത്യാഗിനിയായ സഭ യൂറോപ്പിലേക്ക് പടർന്നപ്പോൾ, ആയിരക്കണക്കിന് അവിശ്വാസികളെ സഭയിലേക്ക് അവൾ കൊണ്ടുവന്നതുകൊണ്ട് ഈ പുരാതന ആചാരത്തെ അവൾ സ്വാംശീകരിച്ചു. ഈ അവിശ്വാസികൾ ഇപ്പോഴും അവരുടെ ദേവന്റെ ജന്മദിനം ആഘോഷിക്കുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട്, അവരെ ഉൾക്കൊള്ളുന്നതിനായി വിശ്വാസത്യാഗിനിയായ സഭ ഡിസംബർ 25-നെ ക്രിസ്തുവിന്റെ ജന്മദിനമായി പ്രഖ്യാപിച്ചു. ഇതാണ് ക്രിസ്തുമസ്സിന്റെ ഉറവിടം. *രണ്ടു ബാബിലോണുകൾ* എന്ന പുസ്തകം വിശ്വാസത്യാഗിനിയായ സഭയിലേക്കു കൊണ്ടുവരപ്പെട്ട ദുഷിച്ചതും, പൈശാചികവും, വിഗ്രഹാരാധനാപരവുമായ കാര്യങ്ങളുടെ

ആരംഭത്തെ തുറന്നുകാണിക്കുന്നു. പ്രതിലോമമായ വശത്ത് നാം ഈ ചിത്രത്തെ കാണുന്നുവെങ്കിൽ, അനുലോമമായ വശത്ത് നാം എന്തായിരിക്കണമെന്നു നാം അറിയും.

വേദപുസ്തകത്തിന്റെ ആരംഭം മുതൽതന്നെ ദൈവത്തിന്റെ ആഗ്രഹം ജീവസഹായത്താൽ തന്റെ ജനത്തെ പോഷിപ്പിക്കുക എന്നതായിരുന്നു. അങ്ങനെ, തോട്ടത്തിൽ ജീവസഹായമായി ജീവവൃക്ഷം ഉണ്ടായിരുന്നു. മനുഷ്യന്റെ വീഴ്ചയ്ക്കുശേഷം, ദൈവം തന്റെ വീണ്ടെടുപ്പിൽ, തന്റെ ജനത്തെ പോഷിപ്പിക്കുന്ന ഈ ചിന്ത വിട്ടുകളഞ്ഞില്ല. അവൻ പെസഹ സ്ഥാപിച്ചപ്പോൾ, കുഞ്ഞാടിന്റെ രക്തം കട്ടളക്കാലിന്മേൽ പുരട്ടുവാനും, രക്തത്തിന്റെ മറവിൻകീഴിൽ കുഞ്ഞാടിന്റെ മാംസം ഭക്ഷിക്കുവാനും ദൈവം തന്റെ ജനത്തോട് കല്പിച്ചു. യിസ്രായേൽമക്കൾ മിസ്രയീമിൽനിന്നു വിടുവിക്കപ്പെട്ടതിനുശേഷം മരുഭൂമിയിലൂടെ യാത്രചെയ്യുമ്പോൾ, അവരുടെ ജീവസഹായമായി ദൈവം അവർക്ക് സ്വർഗീയ മന്ന കൊടുത്തു (പുറ. 16:14-15). ഒടുവിൽ, യിസ്രായേൽമക്കൾ നല്ല ദേശമായ കനാനിലേക്കു പ്രവേശിച്ചു. അവർ ദേശത്തിലേക്കു പ്രവേശിച്ച നാൾ മന്ന നിന്നുപോകുകയും അവർ ദേശത്തിലെ സമ്പന്നമായ വിളവ് ഭക്ഷിക്കുവാൻ തുടങ്ങുകയും ചെയ്തു (യോശു. 5:12). ഇവയെല്ലാം നമ്മുടെ വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ മാത്രമല്ല, നമ്മുടെ ജീവസഹായം എന്ന നിലയിലുമുള്ള ക്രിസ്തുവിന്റെ മുൻകുറികളാണെന്ന് പുതിയനിയമം സ്ഥിരീകരിക്കുന്നു. കുഞ്ഞാടെന്ന നിലയിൽ ക്രിസ്തുവിന് രണ്ടു മൂലകങ്ങളുണ്ട്—വീണ്ടെടുക്കുവാനുള്ള രക്തവും, പോഷണത്തിനുള്ള മാംസവും. ദൈവത്തിന്റെ ജനത്തിന് ഭക്ഷിക്കുവാനുള്ള സ്വർഗീയ മന്നയാണ് താനെന്ന് കർത്താവായ യേശു യോഹന്നാൻ 6-ൽ വെളിപ്പെടുത്തി. ദേശത്തിലെ സമ്പന്നമായ വിളവ് ക്രിസ്തുവിന്റെ സമ്പന്നതയെ വെളിപ്പെടുത്തുന്നുവെന്ന് നമുക്കറിയാം. ക്രിസ്തു നമ്മുടെ കുഞ്ഞാടും നമ്മുടെ മന്നയും മാത്രമല്ല, അവൻ നമ്മുടെ നല്ലദേശവും ആണ്. കുഞ്ഞാടെന്ന നിലയിൽ, അവന് മാംസമുണ്ട്; നല്ലദേശമെന്ന നിലയിൽ അവനിൽ നമ്മുടെ ജീവസഹായത്തിനു വേണ്ടിയുള്ള സകല സമ്പത്തും ഉണ്ട്. പഴയനിയമത്തിൽ നല്ലദേശത്തിൽനിന്നുള്ള വിളവുകളിൽനിന്നും വന്ന യാഗങ്ങൾ ഉണ്ടായിരുന്നു. മുഖ്യമായ അഞ്ചു യാഗങ്ങളിൽ രണ്ടാമത്തേത് ഭോജനയാഗമായിരുന്നു: അത് ദൈവത്തിന്റെ ജനത്തെ പോഷിപ്പിക്കുവാൻ വേണ്ടിയുള്ളതായിരുന്നു. സേവിക്കുന്ന എല്ലാ പുരോഹിതന്മാരും ഭോജനയാഗത്തിൽനിന്നു ഭക്ഷിച്ചിരുന്നു. ക്രിസ്തു ദൈവത്തിന്റെ പുരോഹിതന്മാർക്കുവേണ്ടിയുള്ള ജീവസഹായമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവത്തെ സേവിക്കുന്നവരെല്ലാം ക്രിസ്തുവിനെ ഭക്ഷിക്കണം.

ഇത് വിശുദ്ധ വചനത്തിൽ വ്യക്തമാണെങ്കിലും, മിക്കവാറും ക്രിസ്ത്യാനികൾക്ക് ഇത് നഷ്ടമായിരിക്കുന്നു. ഞാൻ ക്രിസ്തുമതത്തിൽ

ആയിരുന്നപ്പോൾ, ക്രിസ്തുവിനെ ഭക്ഷിക്കുന്നതെങ്ങനെ എന്നു പറയുന്ന ഒരു ദൂത് ഞാൻ ഒരിക്കലും കേട്ടിട്ടില്ല. എന്നിരുന്നാലും, വിശുദ്ധവചനത്തിലെ നിർണ്ണായകമായ കാര്യം ക്രിസ്തു നമ്മുടെ ജീവസഹായമാണെന്നും നാം അവനെ ഭക്ഷിക്കണമെന്നും ആണ് (യോഹ. 6:57). മത്തായി 13:33-ൽ കർത്താവ് നേരിയ മാവായിരുന്നുവെന്ന് അവൻ സൂചിപ്പിച്ചു. ഭോജനത്തെ, അഥവാ നേരിയ മാവിനെ സംബന്ധിച്ച ഈ വചനത്തിലെ അവന്റെ വാക്ക് പ്രാഥമികമായി നേരിയമാവു കലർത്തിയ ഭോജനയാഗത്തെ പരാമർശിക്കുന്നു. ഇക്കാരണത്താൽ, നേരിയമാവ് നമ്മുടെ ജീവസഹായമായ കർത്താവായ യേശുവിന്റെ സമ്പൂർണവും തികഞ്ഞതുമായ മുൻകുറിയാണ്. ഭോജനയാഗമെന്ന നിലയിൽ, ക്രിസ്തു അവന്റെ മനുഷ്യത്വത്തിൽ നമ്മുടെ ആഹാരത്തിനു വേണ്ടിയുള്ള നേരിയ മാവാണ്. ഒരു ദുഷ്ട സ്ത്രീ ഈ നേരിയ മാവിലേക്ക് പുളിപ്പു ചേർക്കുമെന്ന് മത്തായി 13-ൽ കർത്താവായ യേശു മുൻകൂട്ടി പ്രവചിച്ചു. ഇതാണ് കൃത്യമായും വിശ്വാസത്യാഗിനിയായ സഭ ചെയ്യുന്നത്, ഒരു ദുഷിച്ച കലർപ്പ് രൂപപ്പെടുത്തേണ്ടതിന് വിഗ്രഹാരാധനാപരമായ പുളിപ്പിനെ എടുത്ത് ക്രിസ്തു എന്ന നേരിയമാവിലേക്കു ചേർക്കുന്നു. ഇതിൽ, വിശ്വാസത്യാഗിനിയായ സഭ വളരെ ദുഷ്ടയും കൗശലക്കാരിയും ആണ്.

വിശ്വാസത്യാഗിനിയായ സഭയിലെ ചിലർ പറയുന്നു, "ഞങ്ങൾക്ക് യഥാർഥമായ ചിലതുണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ? ഞങ്ങൾക്ക് ദൈവവും, ക്രിസ്തുവും, വേദപുസ്തകവും ഉണ്ടെന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ?" അതേ, അവർക്കുണ്ട്, എന്നാൽ അതു നിർമ്മലമല്ല, അതു കലർപ്പാണ്. വിശ്വാസത്യാഗിനിയായ സഭയ്ക്ക് നേരിയമാവുണ്ടെങ്കിലും, മാവിനുള്ളിൽ പുളിപ്പുണ്ട്. ഞാൻ മനിലയിൽ ആയിരുന്നപ്പോൾ, ഒരു കത്തോലിക്കാ വലിയപള്ളി സന്ദർശിച്ചു. ഈ വലിയപള്ളിയുടെ പ്രവേശനകവാടത്തിൽ മറിയയുടെ ഒരു പ്രതിമ ഉണ്ടായിരുന്നു. പ്രതിമയുടെ കൈകളിൽ ഒരെണ്ണം മിക്കവാറും പൂർണ്ണമായിത്തന്നെ തേയ്മാനം പറ്റിയിരിക്കുന്നതു ശ്രദ്ധിച്ചിട്ട്, അതിനെന്തു സംഭവിച്ചുവെന്ന് ഞാൻ ആളുകളോടു ചോദിച്ചു. പള്ളിയിലേക്കു പ്രവേശിക്കുന്ന എല്ലാവരും ആദ്യം പ്രതിമയുടെ കൈ തൊടുകയും, അങ്ങനെ വർഷങ്ങളായി അതു ചെയ്തുവരുന്നതിനാൽ അതിനു തേയ്മാനം സംഭവിച്ചുവെന്നും അവർ പറഞ്ഞു. അങ്ങനെയൊരു പ്രതിമയുടെ ആവശ്യത്തെക്കുറിച്ച് ഞാൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു, "ജനത്തിന് പ്രതിമകൾ ഇല്ലെങ്കിൽ, വേദപുസ്തകത്തെക്കുറിച്ച് നിങ്ങൾ പറയുമ്പോൾ നിങ്ങൾ എന്താണു പറയുന്നതെന്ന് അവർക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല. അവർക്ക് ഗ്രഹിക്കുവാൻ ദൃഢമായ ഒന്ന് ആവശ്യമാണ്." ഇതാണ് യേശുവിന്റെയും മറിയയുടെയും പ്രതിമകൾ

ഉണ്ടായിരിക്കുന്നതിനെ സംബന്ധിച്ചുള്ള അവരുടെ ന്യായീകരണം. എന്തൊരു കൗശലം! അത് യേശുവോ മറിയയോ അല്ല—അതൊരു വിഗ്രഹമാണ്. പ്രത്യക്ഷത്തിൽ അവർ യേശുവിനെ കുമ്പിടുന്നു; വാസ്തവത്തിൽ അവർ കുമ്പിടുന്നത് കല്ലുകൊണ്ടുള്ള ഒരു രൂപത്തെയാണ്. ഇതാണ് ശത്രുവിന്റെ കൗശലം. നമുക്കിപ്പോൾ വിശ്വാസത്യാഗിനിയായ സഭയുടെ ദുഷ്ടത കാണുവാൻ കഴിയും— അത് ജാതീയ കാര്യങ്ങളെ ഉള്ളിലേക്ക് എടുത്ത് അവയെ നേരിയമാവിലേക്കു ചേർക്കുന്നു. ഇത് എത്രമാത്രം ദുഷിച്ചതാണ്!

ഈ ദുഷിച്ച കലർപ്പു നിമിത്തം വിശ്വാസത്യാഗിനിയായ സഭയിൽ വളരെയധികം വിഗ്രഹാരാധന ഉണ്ട്. പരസംഗം ചെയ്യുവാനും വിഗ്രഹാർപ്പിതം ഭക്ഷിക്കുവാനും ഈസേബെൽ ജനത്തെ പഠിപ്പിക്കുന്നുവെന്ന് കർത്താവു പറഞ്ഞു. വിഗ്രഹങ്ങളെ ആരാധിക്കുവാൻ ഈസേബെൽ അവളുടെ ജനത്തെ പഠിപ്പിക്കുന്നു. റോമൻ കത്തോലിക്കാസഭയിൽ വിഗ്രഹാരാധന പഠിപ്പിക്കപ്പെടുന്നു. മനിലയിൽ, മെഴുകുതിരി വിൽക്കുന്ന സ്ഥലത്തുനിന്ന് അനേകം ആളുകൾ മെഴുകുതിരി വാങ്ങുകയും അവയെ ചുമരുകളിലുള്ള രൂപങ്ങളുടെയും വിഗ്രഹങ്ങളുടെയും മുമ്പിൽ വയ്ക്കുകയും ചെയ്യുന്നത് ഞാൻ കണ്ടു. എവിടെ വിഗ്രഹാരാധനയുണ്ടോ, അവിടെ പരസംഗവും ഉണ്ട്. ഈസേബെൽ ജാതീയ ആചാരവും വിഗ്രഹാരാധനയും കൊണ്ടുവരിക മാത്രമല്ല ചെയ്തത്, അവൾ പരസംഗവും കൊണ്ടുവന്നു. ഇത് മ്ലേച്ഛകരവും, സഹിക്കുവാൻ കഴിയാത്തതും ആണ്. ഇത് ഉപദേശപരമായ തർക്കത്തിന്റെ ഒരു വിഷയമല്ല, ഇത് വിഗ്രഹാരാധനയുടെയും പരസംഗത്തിന്റെയും വിഷയമാണ്.

1937-ൽ, ഞാൻ ചൈനയുടെ വടക്കുഭാഗത്ത് യാത്രചെയ്യുകയായിരുന്നപ്പോൾ, ഒരു ഭൂതബാധയുടെ സംഭവം എന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരപ്പെട്ടു. ഒരു ക്രിസ്തീയ സഹോദരി ഭൂതബാധിതയായിത്തീർന്നു. ഇതിന്റെ കാരണം എന്താണെന്ന് എന്നോടു ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, തത്ത്വത്തിൽ, ഒന്നുകിൽ പാപം, അല്ലെങ്കിൽ ആ സഹോദരിയുടെ വീട്ടിലുള്ള ചില വിഗ്രഹങ്ങളോ രൂപങ്ങളോ അവളെ ബാധിക്കുന്നതിന് ഭൂതത്തിന് അടിത്തറ നല്കുന്നുണ്ടാകും. അവളുടെ വീട്ടിൽ വിഗ്രഹങ്ങളോ രൂപങ്ങളോ ഉണ്ടായിരുന്നില്ലെന്ന് എന്നോടു പറഞ്ഞു. എന്നിരുന്നാലും, അവളെ ശല്യംചെയ്യുവാൻ ഭൂതം അടിക്കടി വന്നുകൊണ്ടിരുന്നു. പാപകരമായ യാതൊന്നിലും അവൾ ഉൾപ്പെട്ടിരുന്നില്ല എന്നതിനാൽ, ഏതെങ്കിലും തരത്തിലുള്ള വിഗ്രഹമോ രൂപമോ അവളുടെ വീട്ടിൽ ഉണ്ടായിരിക്കണമെന്നും അതിനുവേണ്ടി സമഗ്രമായി അവൾ തിരയണമെന്നും ഞാൻ അവളോടു പറഞ്ഞു. ഒടുവിൽ, അവളുടെ ചുമരിൽ യേശുവിന്റേതെന്നു പറയപ്പെടുന്ന ഒരു ചിത്രം ഉണ്ടായിരുന്നുവെന്ന് ഞാൻ അറിഞ്ഞു; അതിനെ

ചുട്ടുകളയുവാൻ ഞാൻ അവളോടു പറഞ്ഞു. അവൾ ആ ചിത്രം ചുട്ടുകളഞ്ഞ നിമിഷംമുതൽ ഭൂതം അവളെ വിട്ടുപോയി. ഇതിൽ, ശത്രുവിന്റെ കൗശലം നാം കാണുന്നു.

## C. അവളുടെ പരസംഗം വിട്ടു മാനസാന്തരപ്പെടുവാൻ മനസ്സില്ല

വാക്യം 21-ൽ കർത്താവു പറഞ്ഞു, "അവൾ മാനസാന്തരപ്പെടേണ്ടതിന് ഞാൻ അവൾക്ക് സമയം കൊടുത്തു, അവളോ തന്റെ പരസംഗം വിട്ടു മാനസാന്തരപ്പെടുവാൻ ഇച്ഛിക്കുന്നില്ല." വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയുടെ കാര്യത്തിൽ ഇതു സത്യമാണെന്ന് ചരിത്രം തെളിയിക്കുന്നു. ഈ ദിവസംവരെയും അവളുടെ ദുഷ്പ്രവൃത്തികളിൽനിന്ന് അവൾ മാനസാന്തരപ്പെടുകയില്ല.

## D. കിടക്കയിൽ രോഗി

"ഞാൻ അവളെ ഒരു കിടക്കയിലേക്ക് തള്ളിക്കളയും" എന്നും കർത്താവു പറഞ്ഞു. സാധാരണമായി ഒരു കിടക്ക ഉറക്കത്തിനും വിശ്രമത്തിനുംവേണ്ടിയും, അസാധാരണമായി രോഗത്തിനുവേണ്ടിയും ഉപയോഗിക്കുന്നു. കർത്താവ് ഇവിടെ സൂചിപ്പിക്കുന്നത് വിശ്വാസത്യാഗിനിയായ സഭ സൗഖ്യമാക്കാനാവാതവണ്ണം രോഗിയാണെന്നും അവളുടെ അന്ത്യന്യായവിധിവരെ അങ്ങനെതന്നെ തുടരുമെന്നും ആണ്. ഈസേബെലിന്റെ ദുഷ്ടതകൾ അവളെ രോഗിയാക്കി; അവൾ ഒട്ടും ആരോഗ്യവതിയല്ല. വിശ്വാസത്യാഗിനിയായ സഭ മുഴുവനും ഒരു രോഗാവസ്ഥയിലാണ്. അവളുടെ അവസ്ഥ നോക്കുക: ചില കാര്യങ്ങൾ സ്വർഗീയവും മറ്റുള്ളവ ഭൗമികവും ആണ്; ചില കാര്യങ്ങൾ ദൈവത്തിൽ നിന്നുള്ളതും അനേകം കാര്യങ്ങൾ സാത്താനിൽനിന്നുള്ളതും ആണ്; ചില കാര്യങ്ങൾ വിശുദ്ധവും മറ്റു കാര്യങ്ങൾ ഭൗതികവും, പൊതുവായതും, ലൗകികവും ആണ്. ഈ പുളിപ്പ് വിശ്വാസത്യാഗിനിയായ സഭയിൽ മാത്രമല്ല ഉള്ളത്, നവീകരിക്കപ്പെട്ട സഭ എന്നു വിളിക്കപ്പെടുന്നതിലേക്കും പടർന്നിരിക്കുന്നു. ഈസേബെൽ ഭൂതമയവും, സാത്താന്യവും, പൈശാചികവും, നരകതുല്യംപോലും ആണ്. കത്തോലിക്കാസഭയിലുള്ള പൈശാചികവും ഭൂതമയവുമായ കാര്യങ്ങൾ കാണുന്നതിന് നമ്മുടെ കണ്ണുകൾ തുറന്നിരിക്കുന്നത് ഒരു ചെറിയ കാര്യമല്ല. ഈ വിശ്വാസത്യാഗിനിയായ സഭ എത്രമാത്രം ശോചനീയയാണെന്ന് നമുക്ക് സങ്കല്പിക്കുവാൻപോലും കഴിയുകയില്ല.

## E. അവളെ സ്നേഹിക്കുന്നവർ മഹോപദ്രവം സഹിക്കുന്നു

വാക്യം 22-ൽ ഈസേബെലിനെ ഒരു കിടക്കയിലേക്കു തള്ളിക്കളയുമെന്നു മാത്രമല്ല കർത്താവു പറഞ്ഞത്, പിന്നെയോ

"അവളുമായി വ്യഭിചാരം ചെയ്യുന്നവരെ അവളുടെ പ്രവൃത്തികളിൽനിന്ന് മാനസാന്തരപ്പെടാഞ്ഞാൽ മഹോപദ്രവത്തിലേക്കും തള്ളിക്കളയുന്നു" എന്നും പറഞ്ഞു. ഇവിടെ പറഞ്ഞിരിക്കുന്ന മഹോപദ്രവം 7:14-ലേതിൽ നിന്നും മത്തായി 24:21-ലെ മഹോപദ്രവത്തിൽനിന്നും വ്യത്യസ്തമാണ്. 7:14-ലെ മഹോപദ്രവം നൂറ്റാണ്ടുകളിലുടനീളം സഭ സഹിക്കുന്ന പീഡനമാണ്. മത്തായി 24:21-ലേത് ഭൂമിയിൽ വസിക്കുന്ന എല്ലാവരുടെമേലും വീഴുന്ന യുഗാന്ത്യത്തിന്റെ അവസാനത്തെ മൂന്നര വർഷത്തിലുള്ള മഹോപദ്രവമാണ്. എന്നാൽ ഇവിടത്തെ മഹോപദ്രവം, ഒരുപക്ഷേ ഈ യുഗത്തിന്റെ അന്ത്യത്തിൽ അവളുടെമേലുള്ള എതിർക്രിസ്തുവിന്റെ ആക്രമണങ്ങളിലൂടെയാവാം, വിശ്വാസത്യാഗിനിയായ സഭ അനുഭവിക്കുവാൻ കർത്താവ് ഇടയാക്കുന്ന വിപത്താണ്.

## F. അവളുടെ മക്കൾ മരണത്താൽ കൊല്ലപ്പെടുന്നു

വാക്യം 23-ൽ കർത്താവു പറഞ്ഞു, "അവളുടെ മക്കളെ ഞാൻ മരണത്താൽ കൊല്ലും." ഈ യുഗത്തിന്റെ അന്ത്യത്തിൽ എതിർക്രിസ്തുവിലൂടെയും അവന്റെ അനുയായികളിലൂടെയും റോമൻ കത്തോലിക്കാസഭയെ ദൈവം നശിപ്പിക്കുന്നതിനെയായിരിക്കാം ഇതു പരാമർശിക്കുന്നത്. വെളിപ്പാട് പുസ്തകം ശ്രദ്ധാപൂർവ്വം നാം വായിക്കുമെങ്കിൽ, ഈ യുഗത്തിന്റെ അന്ത്യത്തിൽ എതിർക്രിസ്തു കത്തോലിക്കാസഭയെ നശിപ്പിക്കും എന്നു നാം കാണും. എതിർക്രിസ്തു ഓരോ മതത്തിനെതിരായും മത്സരിക്കുകയും, അവനെ സ്വയം ദൈവമായി ഉയർത്തുകയും (2 തെസ്സ. 2:4), യെഹൂദന്മാരും കത്തോലിക്കരും അവരുടെ ദൈവത്തെ ആരാധിക്കുന്നത് വിലക്കുകയും, അവനെ ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യും. ആ സമയം, അവൻ യെഹൂദന്മാരെ പീഡിപ്പിക്കുകയും, കത്തോലിക്കാസഭയിലുള്ള അനേകരെ കൊല്ലുകയും ചെയ്യും.

## IV. സാത്താന്റെ ആഴമേറിയ കാര്യങ്ങൾ

വാക്യം 24 പറയുന്നു, "എന്നാൽ—ഈ ഉപദേശമില്ലാത്ത, അവർ പറയുന്നതുപോലെ സാത്താന്റെ ആഴമേറിയ കാര്യങ്ങൾ അറിഞ്ഞിട്ടില്ലാത്ത തുയഥൈരയിലുള്ള ശേഷമുള്ളവർക്ക്—ഞാൻ വേറൊരു ഭാരം നിങ്ങളുടെ മേൽ വയ്ക്കുന്നില്ല." "ആഴമേറിയ കാര്യങ്ങൾ" എഫെസ്യർ 3:18-ൽ ഉള്ളതുപോലെ ആഴങ്ങളെയാണ് അർഥമാക്കുന്നത്. ഇത് ആലങ്കാരികമായി മാർമ്മികമായ കാര്യങ്ങളെ കുറിക്കുന്നു. റോമൻ കത്തോലിക്കാസഭയ്ക്ക് നിരവധി മാർമ്മികമോ ആഴമേറിയതോ ആയ ഉപദേശങ്ങളുണ്ട്. കഷ്ടംസഹിക്കുന്ന സഭയ്ക്കെതിരായി സാത്താന്റെ സിനഗോഗ് ഉണ്ടായിരുന്നു (2:9); ലൗകിക സഭയ്ക്കെതിരായി സാത്താന്റെ സിംഹാസനം ഉണ്ടായിരുന്നു

(2:13): വിശ്വാസത്യാഗിനിയായ സഭയ്ക്കുള്ളിൽ "സാത്താന്റെ ആഴമേറിയ കാര്യങ്ങൾ" ഉണ്ട്. സിനഗോഗ് എന്ന മതവും, സാത്താന്റെ സിംഹാസനത്തിൻകീഴിലുള്ള ലോകവും, സാത്താന്യ മർമങ്ങളുടെ തത്ത്വശാസ്ത്രവും എല്ലാം സഭയെ നശിപ്പിക്കുവാനും ദുഷിപ്പിക്കുവാനും സാത്താനാൽ ഉപയോഗിക്കപ്പെട്ടു.

സാത്താന്റെ സിനഗോഗിൽനിന്നും സഭ പീഡനം സഹിച്ചുവെന്നും, സാത്താൻ വസിക്കുന്നേടത്തും അവന്റെ സിംഹാസനം ഉള്ളേടത്തും വസിച്ചുകൊണ്ട് ഒടുവിൽ അവൾ ലൗകികയായിത്തീർന്നുവെന്നും നാം കണ്ടു. ഇതെല്ലാം ശത്രുവിന്റെ കൗശലമാണ്. ഇതെല്ലാം സാത്താനിൽനിന്ന് ഉത്ഭവിക്കുന്നു. എന്നാൽ ഇവിടെ നാലാമത്തെ സഭയിൽ അതിലും ഗൗരവമേറിയ ഒന്നുണ്ട്. ഇത് കേവലം സാത്താൻ പാർക്കുന്നിടമായ സാത്താന്റെ സിനഗോഗിന്റെയോ, സാത്താന്റെ സിംഹാസനം ഉള്ള ഇടത്തിന്റെയോ വിഷയമല്ല. ഇപ്പോൾ സാത്താൻ സഭയിലേക്കു വരികയും അവനെക്കൊണ്ടുതന്നെ സഭയെ സാന്ദ്രീകരിക്കുകയും ചെയ്തിരിക്കുന്നു. വിശ്വാസത്യാഗിനിയായ സഭയിൽ സാത്താന്റെ മാർമിക ഉപദേശങ്ങളായ സാത്താന്റെ ആഴമേറിയ കാര്യങ്ങൾ ഉണ്ട്. ഇതാണ് സാത്താന്റെ തത്ത്വശാസ്ത്രം. വിശ്വാസത്യാഗിനിയായ സഭ സാത്താന്യ മർമങ്ങൾ പഠിപ്പിക്കുന്നു. വിശ്വാസത്യാഗിനിയായ സഭയെ സാത്താന്റെ ആഴമേറിയ ചിന്ത, സാത്താന്റെ ധാരണ, സാന്ദ്രീകരിച്ചിരിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. ഒടുവിൽ, ഈ സഭ സാത്താന്റെ ദേഹരൂപമായിത്തീരുന്നു. ശരിയായ സഭ ക്രിസ്തുവിന്റെ ശരീരമാണ്, എന്നാൽ വിശ്വാസത്യാഗിനിയായ സഭ സാത്താന്റെ ദേഹരൂപമാണ്. ക്രിസ്തു സഭയിൽ വസിക്കുന്നു, എന്നാൽ സാത്താൻ കൗശലപരമായ ഒരു രീതിയിൽ വിശ്വാസത്യാഗിനിയായ സഭയിൽ വസിക്കുന്നു. സാത്താൻ എപ്പോഴും കൗശലപരമായ ഒരു രീതിയിൽ പ്രവർത്തിക്കുന്നു. അവൻ ആദ്യമായി മനുഷ്യന്റെ അടുക്കൽ വന്നപ്പോൾ, മനോഹരമായ ഒരു പാമ്പിന്റെ രൂപത്തിൽ വന്നു. എങ്കിലും അത് വെറുമൊരു പാമ്പായിരുന്നില്ല—അത് സാത്താനായിരുന്നു. സാത്താൻ എപ്പോഴും ഒരു നല്ല രൂപം എടുക്കുന്നു. സാത്താൻ അവന്റെ രൂപമായി "സഭ"യെ ധരിക്കുമെന്ന് ആരും സങ്കൽപിക്കുകയില്ല. എന്നാൽ തുയഥൈരയിലുള്ള സഭയ്ക്കുള്ള ലേഖനത്തിൽ ഇന്നത്തെ ക്രൈസ്തവലോകത്തിന്റെ യഥാർഥ സാഹചര്യം ഇതാണെന്ന് നാം കാണുന്നു. ക്രൈസ്തവലോകം സാത്താന്റെ ഒരു അവയവമായിത്തീർന്നിരിക്കുന്നു. അതിൽ ക്രിസ്തു എന്ന പേരുണ്ടെങ്കിലും, വാസ്തവത്തിൽ അതിനുള്ളിൽ സാത്താൻ തന്നെയാണുള്ളത്. നാം എല്ലാവരും ഇതു കാണണം.

സാത്താന്യ തത്ത്വശാസ്ത്രമായ സാത്താന്റെ ആഴമേറിയ കാര്യങ്ങൾ കൗശലമേറിയവയാണ്. വിശ്വാസത്യാഗിനിയായ

സഭയിൽ ഇങ്ങനെയുഴള്ള അനേകം മർമങ്ങൾ ഉണ്ട്. ഈ ദുഷിച്ച സഭ പഠിപ്പിക്കുന്ന എല്ലാ മർമങ്ങളും സാത്താന്യ തത്ത്വശാസ്ത്ര ങ്ങളാണ്. അവരുടെ തത്ത്വശാസ്ത്രങ്ങളിൽ ഒന്ന്, വേദപുസ്തകത്തിലെ സത്യങ്ങളോട് നിങ്ങൾ എന്തെങ്കിലും കാര്യങ്ങൾ ചേർക്കു ന്നില്ലെങ്കിൽ, ജനത്തിന് അവയെ അംഗീകരിക്കുവാൻ പ്രയാസമായിരിക്കും എന്നതാണ്. ജ്ഞാനിയായ കർത്താവ്, അപ്പത്തെ ഭക്ഷിക്കുവാൻ എളുപ്പമാക്കുന്ന നേരിയ മാവിലേക്കു ചേർക്കുന്ന പുളിപ്പിനോട് ഇതിനെ ഉപമിച്ചു. വിശ്വാസത്യാഗിനിയായ സഭ പറയുന്നത്, ജനത്തിന് ക്രിസ്തുമസ്സ് ഇല്ലെങ്കിൽ ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചുള്ള സത്യം അംഗീകരിക്കുവാൻ പ്രയാസമായിരിക്കും എന്നാണ്. കുർബാന നേരിയ മാവിനോടു ചേർക്കപ്പെട്ട പുളിപ്പാണ്. ഇതു കൗശലമേറിയതും ദുഷ്ടവുമാണ്.

ഈ ദുഷ്ടയായ സ്ത്രീ സാത്താന്റെ ദേഹരൂപമാണെന്നു പറയുന്നത് വളരെ കടുപ്പമായിപ്പോയെന്ന് നിങ്ങൾ ചിന്തിക്കുന്നു വെങ്കിൽ, വെളിപ്പാട് 17:4-ഉം 5-ഉം വിചിന്തനംചെയ്യുവാൻ ഞാൻ ആവശ്യപ്പെടുന്നു. വാക്യം 4 പറയുന്നു, "ആ സ്ത്രീ ധൂമ്രവർണവും കടുംചുവപ്പു നിറവുമുള്ള വസ്ത്രം ധരിച്ച്, സ്വർണവും വിലയേറിയ കല്ലും മുത്തും പൂശിയിരുന്നു, മ്ലേച്ഛതയും തന്റെ പരസംഗത്തിന്റെ അശുദ്ധിയും നിറഞ്ഞ സ്വർണപാനപാത്രം അവളുടെ കൈയിൽ ഉണ്ടായിരുന്നു." ഈ ദുഷ്ട സ്ത്രീക്ക് ഒരു നല്ല പുറംകാഴ്ച ഉണ്ട്: അവൾ പുതിയ യെരൂശലേം പണിതിരിക്കുന്ന അതേ സാമഗ്രികളായ സ്വർണവും വിലയേറിയ കല്ലും മുത്തുംകൊണ്ട് പൂശിയിരിക്കുന്നു. പുതിയ യെരൂശലേം ഈ മൂന്നു വിലയേറിയ സാമഗ്രികൾകൊണ്ടു ദൃഢമായി പണിതിരിക്കുമ്പോൾ, ഈ ദുഷ്ട സ്ത്രീ അവയെകൊണ്ട് പൂശിയിരിക്കുന്നതേയുള്ളൂ. പൂശുകയെന്നാൽ, ഉപരിതലത്തിൽമാത്രം ആകർഷണീയയായി രുന്ന്, ദുഷിച്ച ഒന്നിനെ മറയ്ക്കുന്ന പ്രസന്നമോ വെറും പ്രകടനമോ ആയ ഒരു പുറംകാഴ്ച ഉണ്ടായിരിക്കുന്ന ഒരു മുഖഭാവം ധരിക്കുന്നതാണ്. അവളുടെ പുറംകാഴ്ച ബാഹ്യമായി ആകർഷണീ യമാണെങ്കിലും, ആന്തരികമായി അവൾ അറപ്പുളവാക്കുന്നവളാണ്. ഈ സ്ത്രീയുടെ കയ്യിൽ തന്റെ പരസംഗത്തിന്റെ മ്ലേച്ഛതയും അശുദ്ധിയും നിറഞ്ഞ ഒരു സ്വർണ്ണപാനപാത്രവും ഉണ്ട്. മുൻകു റിശാസ്ത്രത്തിൽ, സ്വർണം ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു. പ്രത്യക്ഷത്തിൽ ഈ ദുഷ്ട സ്ത്രീ ദൈവത്തിന്റേതായ ചിലത് പിടിച്ചി രിക്കുന്നുവെങ്കിലും, വാസ്തവത്തിൽ അവൾ ആന്തരികമായി മ്ലേച്ഛതകൊണ്ടു നിറഞ്ഞവളാണ്. വേദപുസ്തകത്തിൽ മ്ലേച്ഛത മുഖ്യമായും രണ്ടു കാര്യങ്ങളെ കുറിക്കുന്നു—വിഗ്രഹാരാധനയും പരസംഗവും. ഈ രണ്ടു കാര്യങ്ങളും ദൈവത്തിന്റെ കണ്ണുകളിൽ മ്ലേച്ഛതകളാണ്. കാഴ്ചയിൽ ഈ സ്ത്രീ സ്വർണവും വിലയേറിയ കല്ലും മുത്തുംകൊണ്ട് പൂശിയും സ്വർണ്ണപാനപാത്രം കയ്യിൽ

പിടിച്ചുകൊണ്ടും വളരെ ആകർഷണീയയാണ്. നിങ്ങൾക്ക് ഉൾക്കാഴ്ചയില്ലെങ്കിൽ, നിങ്ങൾ അവളാൽ വഞ്ചിക്കപ്പെടും. എന്നാൽ നമുക്ക് അവളെ സുതാര്യമായി കാണുവാനുള്ള ഉൾക്കാഴ്ച ഉണ്ടായിരിക്കണം. ആന്തരികമായി ഈ സ്ത്രീ എന്താണെന്ന് നാം കാണുമ്പോൾ, അവൾ മ്ലേച്ഛതയും മലിനതയുംകൊണ്ടു നിറഞ്ഞവളാണെന്ന് നാം മനസ്സിലാക്കും.

17:5 പറയുന്നു, "മർമ്മം, മഹതിയാം ബാബിലോൻ, ഭൂമിയിലെ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്നൊരു നാമം അവളുടെ നെറ്റിയിൽ എഴുതിയിരുന്നു." ദൈവം ജനത്തിന്റെ ഹൃദയങ്ങളെ ആരായുകയും അവയ്ക്കുള്ളിൽ എന്താണെന്ന് അറിയുകയും ചെയ്യുന്നു. അവന് ഉൾക്കാഴ്ച ഉള്ളതിനാൽ ഈ ദുഷ്ട സ്ത്രീയുടെ ഉൾഭാഗം കാണുന്നു. സകല ആത്മിക പരസംഗത്തിന്റെയും ഉറവിടം അവളാണെന്ന അർഥത്തിൽ കർത്താവ് അവളെ "വേശ്യകളുടെ മാതാവ്" എന്നു വിളിക്കുന്നു. അതുകൊണ്ട്, അവൾ സാത്താന്റെ ദേഹരൂപമാണെന്നു പറയുന്നത് ഉചിതമാണ്. അവളുടെ പുറമെയുള്ള കാഴ്ചയിലൂടെ സുതാര്യമായി കാണുവാനുള്ള ഉൾക്കാഴ്ച നമുക്കാവശ്യമാണ്. ഇതിനായിട്ടാണ് നമുക്ക് വേദപുസ്തകത്തിലെ വചനം എന്ന മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളത്.

അവന്റെ പരമാധികാരമായ കൃപയ്ക്കായി നാം കർത്താവിന് സ്തോത്രംചെയ്യുന്നു. അവന്റെ കൃപ പരമാധികാരമുള്ളതാകയാൽ, ഏതൊരു പരിതസ്ഥിതിയിലും അവന് നമ്മെ രക്ഷിക്കുവാൻ കഴിയും. വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയുടെ ദുഷിച്ച പരിതസ്ഥിതിയിൽനിന്നുപോലും അനേകർ രക്ഷിക്കപ്പെട്ടിട്ടുണ്ട്. കത്തോലിക്കാസഭ വേദപുസ്തകം പ്രസംഗിക്കുന്നില്ലെന്ന് ആർക്കും പറയുവാൻ കഴിയുകയില്ല. ചൈനയിൽ, അനേകം ജാതീയരായ ചൈനക്കാർ കത്തോലിക്കാസഭയുടെ പഠിപ്പിക്കലിലൂടെ ദൈവത്തിന്റെ നാമമായ യേശുവിന്റെ നാമവും വേദപുസ്തകത്തിലെ ചില വാക്യങ്ങളും പഠിച്ചിട്ടുണ്ട്. എന്നാൽ, ദുഷ്ടകാര്യം ഇതാണ്: ഈ വിശ്വാസത്യാഗിനിയായ സഭയാൽ ജനത്തിന് സഹായം ലഭിച്ചശേഷം അവർ നിർവ്യാജമായ ഒരു രീതിയിൽ കർത്താവിനെ അറിയുവാൻ തക്കവണ്ണം മുമ്പോട്ടുപോകുന്നതിൽനിന്നും അവരെ തടസ്സപ്പെടുത്തുന്നു. വിശ്വാസത്യാഗിനിയായ സഭയിലായിരുന്നപ്പോൾ കർത്താവിന്റെ പരമാധികാരമുള്ള കൃപയാൽ രക്ഷിക്കപ്പെട്ട ചിലർ ആ ദുഷിച്ച കാര്യത്തെ സ്വമേധയാ സ്നേഹിച്ചു. "ഇതു ദുഷിച്ചതാണെങ്കിൽ, ഇതിലൂടെ എനിക്കെങ്ങനെ രക്ഷിക്കപ്പെടുവാൻ കഴിയുമായിരുന്നു?" എന്ന് അവരിൽ അനേകർ പറയുമായിരിക്കും. അതുകൊണ്ട്, മുമ്പെ കത്തോലിക്കരായിരുന്ന അനേകർ സഭാജീവിതത്തിലേക്ക് വന്നുവെങ്കിലും, അവരിൽ ചിലർ ഇപ്പോഴും, ഉള്ളിൽ ആഴത്തിൽ, ഈ ദുഷ്ട സ്ത്രീയോടു

സഹതപിക്കുന്നുണ്ടാകും. കർത്താവു വെറുക്കുന്നതുപോലെ അവർ അവളെ വെറുക്കുന്നില്ല. തുയഥൈരയ്ക്കുള്ള ലേഖനം ഒരിക്കൽക്കൂടെ വായിക്കുക. കർത്താവിന് ഈസേബെലിനോട് യാതൊരു സഹതാപവും ഇല്ല, കാരണം ആ ദുഷ്ട സ്ത്രീ ദുഷ്ടനായ സാത്താനെക്കൊണ്ട് പൂർണ്ണമായി സാന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. സാത്താൻ ആ ദുഷിച്ച സ്ത്രീയുടെ ഓരോ നാരിഴയിലും ഉണ്ട്.

ഈ വിശ്വാസത്യാഗിനിയായ സഭയുമായി നമുക്ക് യാതൊരു കാര്യവും ഉണ്ടായിരിക്കരുത്. അത് ക്രിസ്തുവിന്റെ ശരീരമല്ല. അത് ദൈവത്തിന്റെ സഭയല്ല—അത് സാത്താന്റെ ദേഹരൂപമാണ്. അത് കൗശലമേറിയതും ദുഷ്ടവും ആണ്. ഈ വിശ്വാസത്യാഗിനിയായ സഭയെപ്പറ്റി നിങ്ങൾക്ക് കൂടുതൽ കാണണമെങ്കിൽ സഹോദരൻ നീയുടെ *സഭയുടെ യാഥാസ്ഥിതികത്വം (The Orthodoxy of the Church)* എന്ന പുസ്തകം വായിക്കുക. കർത്താവിനുവേണ്ടിയും അവന്റെ പ്രത്യുദ്ധാരത്തിനുവേണ്ടിയും ഹൃദയമുള്ള ഏവനും വിശ്വാസത്യാഗിനിയായ ഈ സഭയെ പൂർണ്ണമായി അറിഞ്ഞിരിക്കണം. ഒരിക്കൽ നാം അവളെ അറിഞ്ഞാൽ, അവളുമായി ബന്ധപ്പെട്ട യാതൊന്നിനെയും നാം വിലമതിക്കുകയില്ല. മറിച്ച്, അവൾ മഹാബാബിലോൺ എന്ന മഹാവേശ്യയാണെന്നു പ്രഖ്യാപിക്കുകയും, അവളെ ത്യജിക്കുകയും വേണം.

നാം കാണുവാൻ പോകുന്നതുപോലെ, ഈ മഹാവേശ്യയ്ക്ക് ചില പുത്രിമാരുണ്ടെന്ന് വെളിപ്പാട് പുസ്തകം സൂചിപ്പിക്കുന്നു. വിശ്വാസത്യാഗിനിയായ സഭയെക്കുറിച്ച് നാം സമഗ്രമായി പ്രകാശിപ്പിക്കപ്പെടണം. ഒരിക്കൽ നാം പ്രകാശിപ്പിക്കപ്പെട്ടാൽ, സഭയെ സംബന്ധിച്ചിടത്തോളം നാം എവിടെയായിരിക്കണമെന്ന് നാം അറിയും. നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിലാണ്. നാം ക്രിസ്തുവിന്റെ ശരീരത്തിലും, ദൈവത്തിന്റെ സഭയിലും ആണ്; മഹാബാബിലോൺ എന്ന വേശ്യയായ ഈസേബെൽ എന്ന ദുഷ്ട സ്ത്രീയുമായി നമുക്ക് യാതൊരു കാര്യവും ഇല്ല. നമുക്ക് അവളുടെ പുത്രിമാരുമായും യാതൊരു കാര്യവുമില്ല.

താൻ ഈസേബെലിനെ ന്യായംവിധിക്കുമെന്ന് ഈ ലേഖനത്തിൽ കർത്താവു സൂചിപ്പിക്കുന്നു. മഹോപദ്രവ കാലത്ത് ഈ വിശ്വാസത്യാഗിനിയായ സഭയെ കൊല്ലുവാനും നശിപ്പിക്കുവാനും എതിർക്രിസ്തുവിനെ കർത്താവ് അനുവദിക്കുമെന്ന് 17:16-ൽ നമ്മോടു പറഞ്ഞിരിക്കുന്നു. ആ സമയം, മതപരമായ ബാബിലോണിനെ നശിപ്പിച്ചുകളയും. എന്നാൽ ആ സമയത്തിനുമുമ്പ്, ഈ വിശ്വാസത്യാഗിനിയായ സഭ പ്രവചനത്തിനനുസൃതമായി മുന്നോട്ടുപോകും. വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭ കർത്താവു മടങ്ങിവരുന്നതുവരെ നിലനിൽക്കുമെന്ന് വാക്യം 25 സൂചിപ്പിക്കുന്നു.

## V. ജയാളികൾ—തുയഥൈരയിലെ ശേഷമുള്ളവർ

വാക്യം 26-ൽ കർത്താവു പറയുന്നു, "ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന് ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും." ഇവിടെ ജയിക്കുക എന്നാൽ കത്തോലിക്കാ മതത്തെ ജയിക്കുക എന്നാണ്. തുയഥൈരയിലെ ശേഷമുള്ളവരായ ജയാളികൾ, ഈസേബെലിന്റെ ഉപദേശം കൈക്കൊള്ളാത്തവരും, സാത്താന്റെ ആഴമേറിയ കാര്യങ്ങൾ അറിഞ്ഞിട്ടില്ലാത്തവരും (വാ. 24), കർത്താവു വരുന്നതുവരെ അവന്റെ സാക്ഷ്യം മുറുകെ പിടിക്കുന്നവരും (വാ. 25), കർത്താവിന്റെ പ്രവൃത്തികൾ അവസാത്തോളം കാക്കുന്നവരും (വാ. 26) ആകുന്നു. വാക്യം 26-ലെ "എന്റെ പ്രവൃത്തികൾ" എന്നത് സാത്താന്റെ സ്വാധീനത്തിൻകീഴിൽ വിശ്വാസത്യാഗിനിയായ സഭ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കു വിരുദ്ധമായി, ക്രൂശുമരണം, പുനരുത്ഥാനം, മധ്യസ്ഥത മുതലായി കർത്താവു നിവർത്തിച്ചതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളെ പരാമർശിക്കുന്നു.

## VI. ജയാളിക്കുള്ള വാഗ്ദത്തം

### A. ജാതികളുടെമേൽ അധികാരം ലഭിക്കുന്നത്

ജയിക്കുന്നവന് ജാതികളുടെമേൽ അധികാരം കൊടുക്കുമെന്ന് വാക്യം 26-ൽ കർത്താവു പറയുന്നു. ഇത് സഹസ്രാബ്ദ രാജ്യത്തിൽ ജാതികളുടെമേൽ ക്രിസ്തുവിനോടുകൂടെ ഭരിക്കുന്ന ജയാളികൾക്കുള്ള ഒരു സമ്മാനമാണ് (20:4, 6). അധഃപതിച്ച ക്രിസ്തുമതത്തെ ജയിക്കുവാനുള്ള കർത്താവിന്റെ വിളിക്ക് ഉത്തരം നല്കാത്തവർ സഹസ്രാബ്ദരാജ്യത്തിലെ വാഴ്ചയിൽ പങ്കെടുക്കുകയില്ല എന്ന് കർത്താവിന്റെ ഈ വാഗ്ദത്തം ശക്തമായി വിവക്ഷിക്കുന്നു.

### B. കർത്താവ് പിതാവിൽനിന്നു സ്വീകരിച്ചതുപോലെ ഒരു ഇരുമ്പുകോൽകൊണ്ട് ജാതികളെ മേയ്ക്കുന്നത്

ജയാളികളെക്കുറിച്ച് സംസാരിച്ചുകൊണ്ട് വാക്യം 27-ൽ കർത്താവു പറയുന്നു, "മൺപാത്രങ്ങൾ കഷണങ്ങളായി ഉടയ്ക്കുന്നതുപോലെ, അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും." സഹസ്രാബ്ദരാജ്യത്തിൽ, ഭരിക്കുന്നവൻ ഒരു ഇടയനാണ്. സങ്കീർത്തനം 2:9-ൽ ജാതികളുടെമേൽ ഭരിക്കുവാൻ ദൈവം ക്രിസ്തുവിന് അധികാരം കൊടുത്തു. ഇവിടെ അതേ അധികാരം ക്രിസ്തു തന്റെ ജയാളികൾക്ക് നല്കുന്നു.

### C. ഉദയനക്ഷത്രം ഉണ്ടായിരിക്കുന്നത്

"ഞാൻ അവന് ഉദയനക്ഷത്രവും കൊടുക്കും" എന്നു

പറഞ്ഞുകൊണ്ട് അവസാനം വാക്യം 28-ൽ ജയിക്കുന്നവന് കർത്താവ് ഒരു വാഗ്ദത്തം നല്കുന്നു. ക്രിസ്തുവിന്റെ ഒന്നാമത്തെ പ്രത്യക്ഷതയിൽ, യെഹൂദ മതാനുസാരികളല്ല, വിദ്വാന്മാർ അവന്റെ നക്ഷത്രം കണ്ടു (മത്താ. 2:2, 9-10). രണ്ടാമത്തെ പ്രത്യക്ഷതയിൽ, അവന്റെ വരവിനെ നോക്കിക്കൊണ്ടിരിക്കുന്ന അവന്റെ ജയാളികൾക്ക് അവൻ ഉദയനക്ഷത്രമായിരിക്കും. മറ്റുള്ള എല്ലാവർക്കും അവൻ സൂര്യനെപ്പോലെ മാത്രം പ്രത്യക്ഷപ്പെടും (മലാഖി 4:2).

## VII. ആത്മാവിന്റെ സംസാരം

വാക്യം 29-ൽ ഒരിക്കൽക്കൂടെ കർത്താവു പറയുന്നു, "ആത്മാവു സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ." ദൈവത്തെക്കാളുപരി തങ്ങളെ കേൾക്കണമെന്ന് അവകാശപ്പെടുന്ന വിശ്വാസത്യാഗിനിയായ സഭയിലെ എല്ലാവർക്കും ആത്മാവിന്റെ സംസാരത്തിന്റെ അധികമായ ആവശ്യം ഉണ്ട്. ആരെങ്കിലും ആത്മാവിന്റെ സംസാരം കേൾക്കുന്നുവെങ്കിൽ, വിശ്വാസത്യാഗിനിയായ സഭ പഠിപ്പിക്കുന്ന വിശ്വാസത്യാഗപരമായ സകല കാര്യങ്ങളും ത്യജിക്കുവാൻ കർത്താവിന്റെ ജീവനുള്ള വചനം അവൻ കേൾക്കുകയും, കർത്താവിന്റെ സംതൃപ്തിക്കുവേണ്ടി ഒരു ജയാളിയായിത്തീരുകയും ചെയ്യും.

ആദ്യത്തെ മൂന്നു ലേഖനങ്ങളിൽ ഓരോന്നിന്റെയും അവസാനം, കേൾക്കുവാനുള്ള ചെവിയെ ആദ്യവും ജയിക്കുവാനുള്ള വിളിയെ പിന്നീടും പരാമർശിച്ചിരിക്കുന്നു. ഒടുവിലത്തെ നാലു ലേഖനങ്ങളുടെയും അവസാനം ക്രമത്തെ തിരിച്ചിരിക്കുന്നു. ഏഴു സഭകളിൽ ആദ്യത്തെ മൂന്നെണ്ണം ഒരു കൂട്ടവും, അവസാനത്തെ നാലെണ്ണം മറ്റൊരു കൂട്ടവും ആകുന്നുവെന്ന് ഇതു തെളിയിക്കുന്നു. വേദപുസ്തകത്തിൽ ഏഴ് എന്ന സംഖ്യ, ആറു ദിവസങ്ങളും ഒരു ദിവസവും കൂടുന്ന ഒരു ആഴ്ച എന്നപോലെ ഒന്നുകിൽ ആറും ഒന്നും ചേരുന്നതോ; അല്ലെങ്കിൽ ഈ രണ്ട് അധ്യായങ്ങളിലുള്ള ഏഴു സഭകളെ മൂന്നു സഭകളുടെ ഒരു കൂട്ടവും നാലു സഭകളുടെ മറ്റൊരു കൂട്ടവും ആയിരിക്കുന്നതുപോലെ മൂന്നും നാലും ചേരുന്നതോ ആണ്. ആറ് അധികം ഒന്ന് ദൈവത്തിന്റെ സൃഷ്ടിയിലായിരിക്കുമ്പോൾ, മൂന്ന് അധികം നാല് ദൈവത്തിന്റെ പുതിയ സൃഷ്ടിയായ സഭയിൽ ആണ്. സകലത്തെയും ആറു ദിവസംകൊണ്ട് സൃഷ്ടിച്ചതിനാൽ, ആറ് എന്ന സംഖ്യ സൃഷ്ടിയെ, പ്രത്യേകിച്ച് ആറാം ദിവസം സൃഷ്ടിച്ച മനുഷ്യനെ, സൂചിപ്പിക്കുന്നു; ഏഴാം ദിവസം ദൈവത്തിന്റെ വിശ്രമത്തിന്റെ ഒരു ദിവസം എന്ന നിലയിൽ ആറു ദിവസങ്ങളുടെ പരിസമാപ്തിയാകുന്നതിനാൽ, ഒന്ന് എന്ന സംഖ്യ നിസ്തുലനായ സ്രഷ്ടാവിനെ സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ, ആറ് അധികം ഒന്ന് അർഥമാക്കുന്നത് തന്റെ

ഉദ്ദേശ്യം നിവർത്തിക്കുന്നതിനു വേണ്ടി ദൈവത്തിനായി സകല കാര്യങ്ങളും സൃഷ്ടിക്കപ്പെട്ടു എന്നാണ്. നിസ്തുലനായ സ്രഷ്ടാവായ ദൈവം മൂന്ന് എന്ന സംഖ്യയാൽ സൂചിപ്പിക്കപ്പെടുന്നതുപോലെ ത്രിയേകനാണ്. സൃഷ്ടി നാലു ജീവികളാൽ ദൈവമുമ്പാകെ പ്രതിനിധീകരിക്കപ്പെടുന്നതിനാൽ (4:6-9), നാല് എന്ന സംഖ്യ സൃഷ്ടികളെ, പ്രത്യേകിച്ചും മനുഷ്യനെ, സൂചിപ്പിക്കുന്നു. തന്മൂലം, മൂന്ന് അധികം നാല് അർഥമാക്കുന്നത് ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനിലേക്ക് ചേർക്കപ്പെടുകയും, അങ്ങനെ അവന്റെ ഉദ്ദേശ്യം നിവർത്തിക്കപ്പെടുകയും ചെയ്യുന്നു എന്നാണ്. സഭ സൃഷ്ടി മാത്രമല്ല, പിന്നെയോ അവളിലേക്കു പകരപ്പെട്ട സ്രഷ്ടാവായ ത്രിയേകദൈവത്തോടുകൂടെയുള്ള സൃഷ്ടിയുമാണ്. അവളാണ് വാസ്തവമായ ഏഴ് എന്ന സംഖ്യ: ത്രിയേക ദൈവം എന്ന യഥാർഥ മൂന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എന്ന യഥാർഥ നാലിലേക്കു ചേർക്കപ്പെടുന്നു. അതുകൊണ്ട്, ഏഴ് എന്ന സംഖ്യ, ഒന്നാമതായി പഴയ സൃഷ്ടിയിലും, പിന്നീട് പുതിയ സൃഷ്ടിയായ സഭയിലുമുള്ള ദൈവത്തിന്റെ നീക്കത്തിലുള്ള പൂർത്തീകരണത്തെ കുറിക്കുന്നു.